A2/203/2025-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ കവടിയാറിൽ പ്രവർത്തിക്കുന്ന എൻ. രാമചന്ദ്രൻ ഫൗണ്ടേഷന് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്നും ആദ്യ ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.47/2026/CLAD തീയതി,തിരുവനന്തപുരം, 19-01-2026

---

പരാമർശം:-
1. 04.01.2021 തീയതിയിലെ 01/2021/ധന. നമ്പർ സർക്കുലർ
2. എം. രാമചന്ദ്രൻ ഫൗണ്ടേഷൻ സെക്രട്ടറിയുടെ 05.11.2025 തീയതിയിലെ കത്ത്
3. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 12.11.2025 തീയതിയിലെ എ2/1884/25/സാം.വ. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ കവടിയാറിൽ പ്രവർത്തിക്കുന്ന എൻ. രാമചന്ദ്രൻ ഫൗണ്ടേഷന് വിവിധ പദ്ധതിയേതര പ്രവർത്തനങ്ങൾക്കായി 2025-26 സാമ്പത്തിക വർഷം 2205 - 00 - 102 - 08 - 05 (NP) എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും ആദ്യ ഗഡു അനുവദിക്കുന്നതിന് സ്ഥാപന സെക്രട്ടറി പരാമർശം (2) കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം (3) പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ ഈ അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ കവടിയാറിൽ പ്രവർത്തിക്കുന്ന എൻ. രാമചന്ദ്രൻ ഫൗണ്ടേഷന് വിവിധ പദ്ധതിയേതര പ്രവർത്തനങ്ങൾക്കായി 2025-26 സാമ്പത്തിക വർഷം 2205-00-102-08-05-00-(NV) എന്ന പദ്ധതിയേതര ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും ആദ്യ ഗഡുവായി 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) എസ്. റ്റി. എസ്. ബി. അക്കൗണ്ട് സിസ്റ്റം ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന പരാമർശം (1) ലെ നിർദ്ദേശങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക സ്ഥാപനത്തിന്റെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി

ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും പ്രതീക്ഷിത ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, എൻ. രാമചന്ദ്രൻ ഫൗണ്ടേഷൻ, കവടിയാർ തിരുവനന്തപുരം -695003
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം, ഫോർട്ട്, ഫോർട്ട് പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (E3367245/EDN-D1/100/2025-FIN dated 29.12.2025)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 20-01-2026 10:05:41